പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2570 28-10-2026-ൽ മറുപടിയ്ക്ക്

പൈലറ്റ്, ക്യാബിൻക്രൂ പരിശീലനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2021-2026 വരെയുള്ള കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികളാണ് പൈലറ്റ്/ക്യാബിൻ ക്രൂ പരിശീലനം വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളത്; ഇതിനായി ആകെ എത്ര കോടി രൂപ ചെലവഴിച്ചു;

മറുപടി: 2021-2026 വരെയുള്ള കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 വിദ്യാർത്ഥികൾക്കും, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 3 വിദ്യാർത്ഥികൾക്കും പൈലറ്റ് പരിശീലനത്തിനായി 1,38,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ 2 വിദ്യാർത്ഥികൾ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. ക്യാബിൻ ക്രൂ പരിശീലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ നിലവിൽ പൈലറ്റ്/ക്യാബിൻ ക്രൂ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നിലവിൽ പൈലറ്റ് പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം	വർഷം	എണ്ണം	
		പട്ടിക ജാതി	പട്ടിക വർഗം
1	2012-13	1	-
2	2014-15	2	-
3	2021-22	1	-

4	2023-24	1	2
5	2024-25	3	1
6	2025-26	1	-
ആകെ		12 പേർ	

സെക്ഷൻ ഓഫീസർ